**<u>15 -ാം കേരള നിയമസഭ</u>**

**<u>3 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3748</u>** **<u>27-10-2021 - ൽ മറുപടിയ്ക്ക്</u>**

**<u>സാമൂഹികക്ഷേമ പദ്ധതികൾക്ക് ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് ഒരു ഏകീകൃത പ്ലാറ്റ്ഫോം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ എല്ലാ സാമൂഹികക്ഷേമ പദ്ധതികൾക്കും ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള ഒരു ഏകീകൃത പ്ലാറ്റ്ഫോം സജ്ജമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (എ) | (എ) സാമൂഹ്യ നീതി ഡയറക്ടേറ്റ് വഴി നടപ്പിലാക്കി വരുന്ന വ്യക്തിഗത ഗണഭോക്തൃ പദ്ധതികൾ ഓൺലൈൻ ആക്കുന്നതുമായി ബന്ധപ്പെട്ട് സുനീതി എന്ന പേരിൽ Software തയ്യാറാക്കിവരുന്നു. ആയതു പൂർത്തീയാവുന്ന മുറക്ക് പൊതുജനങ്ങൾക്ക് വേഗത്തിൽ സേവനങ്ങൾ നൽകുന്നതിനു തയ്യാറാക്കിവരുന്ന പോർട്ടലുമായി ഇതിനെ ബന്ധിപ്പിക്കുന്നതിന് കഴിയും. ഇതിലൂടെ വകുപ്പ് മുഖേന നൽകുന്ന സാമൂഹ്യക്ഷേമ പദ്ധതികൾ വേഗത്തിൽ ഗുണഭോക്താക്കളിലേക്ക് എത്തിക്കുന്നതിന് കഴിയും. |
| (ബി) | കുടുംബത്തിനോ/അംഗങ്ങൾക്കോ ഇതിന്റെ ഭാഗമായി പുതിയ തിരിച്ചറിയൽ രേഖകൾ/നമ്പർ എന്നിവ നൽകാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | (ബി) പോർട്ടൽ പ്രവർത്തന സജ്ജമാക്കുന്നതിന്റെ ഭാഗമായി കുടുംബത്തിനോ/ അംഗങ്ങൾക്കോ പ്രത്യേകമായ തിരിച്ചറിയൽ രേഖകൾ നൽകുന്നില്ല. |

സെക്ഷൻ ഓഫീസർ